# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 10, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

## പൊതുഭരണത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ

*1 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭരണപരിഷ്കാരത്തിന് ശുപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച ഭരണപരിഷ്ക്കാര കമ്മീഷനുകളുടെ ശുപാർശകളിൽ ഇനിയും നടപ്പാക്കാനുള്ള പ്രധാന ശുപാർശകളെന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) തിരുമാനങ്ങളെടുക്കുന്നതിൽ നിലനില്ക്കുന്ന കാലതാമസം ഒഴിവാക്കാൻ കൂടുതൽ അധികാരങ്ങൾ സെക്രട്ടേറിയറ്റ് തലത്തിൽ നിന്നും വികേന്ദ്രീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>സമഗ്ര മദ്യനയം</u>

*2 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സി. പി. മുഹമ്മദ്
' വി. പി. സജീന്ദ്രൻ
' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പോലീസ് ഫോൺ ചോർത്തുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ</u>

*3 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എളമരം കരീം
'' സാജു പോൾ
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഫോൺ ചോർത്തുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി നേതാക്കളുടെയും സമുദായ നേതാക്കളുടെയും മറ്റും ഫോൺ ചോർത്തിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തീവ്രവാദസംഘടനകളിൽ ഉൾപ്പെട്ടവരുടെ ഫോണുകൾ ചോർത്തുന്നതുപോലെ സർക്കാരിനെ വിമർശിക്കുന്നവരുടെ ഫോണുകൾ ചോർത്തുന്നതും അതിന് അനുമതി നൽകുന്നതും ഉചിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് അനുമതിയോടു കൂടിയും അല്ലാതെയും എത്ര ഫോണുകൾ പോലീസ് ചോർത്തുകയുണ്ടായെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>വനങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം</u>

*4 ശ്രീ. എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ സേവനാവകാശ നിയമം</u>

*5

ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത നിയമം വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്;

(സി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ചു വേണ്ടത്ര പ്രചാരണം നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

വ്യാജ സ്പിരിറ്റ് കടത്ത്

*6 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി.കെ. സദാശിവൻ
,, എസ്. രാജേന്ദ്രൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ സ്പിരിറ്റ് കടത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ സ്പിരിറ്റിന്റെ ഉറവിടങ്ങളെയും, കടത്തുകാരെയും സംബന്ധിച്ച് നിരീക്ഷണം നടത്തുന്നുണ്ടോ;

(സി) വ്യാജ സ്പിരിറ്റ് കടത്ത് കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) അധികൃതരുടെ സഹായത്തോടെയാണ് വ്യാജ സ്പിരിറ്റ് കടത്തുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാർ വ്യാജ സ്പിരിറ്റ് കടത്തുകാരിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്; ഇതിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

*7 ശ്രീ. എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതി വിശദമാക്കുമോ?

(ബി) പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

സി) പദ്ധതിക്ക് പാരിസ്ഥിതിക പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതിയ്ക്കുള്ള ഭൂമി ഏറ്റെടുക്കലും ധനസമാഹരണത്തിനുള്ള നടപടികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ

*8 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിലെ 22 വിഭാഗങ്ങളും വിദ്യാഭ്യാസ പരമായി അതീവ പിന്നോക്കാവസ്ഥയിലാണ് എന്ന കിലയുടെ പരിശോധനാ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഒരാൾ പോലും ഇതേ വരെ ഒരു പ്രവേശന പരീക്ഷ പോലും എഴുതാനുള്ള യോഗ്യത നേടിയിട്ടില്ലെന്ന ഗുരുതര സ്ഥിതി വിശേഷം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(സി) ഇവർക്കായുള്ള വിദ്യാഭ്യാസ പരിപാടികൾ ഒന്നും തന്നെ ഈ വിഭാഗങ്ങളിൽ എത്തിപ്പെട്ടില്ല എന്നതിന്റെ കാരണങ്ങൾ അന്വേഷിച്ച് ഉത്തരവാദികൾ ആരെന്നു കണ്ടെത്താനും, ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യം നല്കി നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ട്രോളിംഗ് നിരോധനവും പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളും

*9 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പി.കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൺസൂൺ ട്രോളിംഗ് നിരോധനകാലത്ത് പരമ്പരാഗത വള്ളങ്ങൾക്ക് നിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിൽ ഏതെങ്കിലും ശുപാർശ സർക്കാർ നിയോഗിച്ച കമ്മിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിദേശകപ്പലുകളെ നിരോധിക്കാതെ, പരമ്പരാഗത വള്ളങ്ങളെ നിയന്ത്രിക്കാനുള്ള നീക്കം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**10.06.2013–ലെ മറുപടിക്ക്**

<u>കമ്മ്യൂണിറ്റി പോലീസിംഗ്</u>

*10 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിലൂടെ സംസ്ഥാന പോലീസിന്റെ പ്രവർത്തനശൈലിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനതലത്തിൽ പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

*11 ശ്രീ. എ. പ്രദീപ്കുമാർ
,, എം. ഹംസ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ വരൾച്ച നേരിടാനുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ മുഖ്യമന്ത്രി ജില്ലകളിൽ വിളിച്ചു ചേർത്ത യോഗതീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ യോഗം ചേരുകയുണ്ടായി; ജില്ലകളിൽ നിന്നും പൊതുവായി എന്തെല്ലാം ആവശ്യങ്ങൾ ഉയർന്നു വരുകയുണ്ടായി; ഓരോ ജില്ലയിലും കൈക്കൊണ്ട യോഗതീരുമാനങ്ങൾ പൊതുവിൽ ഏന്തെല്ലാമായിരുന്നു;

(സി) യോഗ തീരുമാനങ്ങളും ആവശ്യങ്ങളും നടപ്പിലാക്കാൻ എന്തു തുക ഓരോ ജില്ലയും അധികമായി ആവശ്യപ്പെട്ടു; ഓരോ ജില്ലയ്ക്കും അനുവദിച്ച അധിക തുക എത്ര; ചെലവഴിക്കപ്പെട്ടതെത്ര;

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയും ഇതിനകം ചെലവഴിച്ച മൊത്തം തുക എത്ര; വരൾച്ചയുടെ ഭാഗമായി കണക്കാക്കപ്പെട്ട മൊത്തം നഷ്ടം ഓരോ ജില്ലയിലും എത്രയായിരുന്നു?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>പുനർനിയമനം</u>

*12 ശ്രീ. പി. ഉബൈദുള്ള
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ എക്സ്പെർട്ടൈസ് സംസ്ഥാന വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വിധത്തിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സാംപിത്രോഡ ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമം വികസന പദ്ധതി</u>

*13 ശ്രീ. വി. റ്റി. ബൽറാം
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി സംവേദക മേഖലകൾ</u>

*14 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. ഇ.കെ. വിജയൻ
ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംവേദക മേഖലകളെ സംബന്ധിച്ച് സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഈ സമിതി, ഏതെങ്കിലും പരിസ്ഥിതി സംവേദക മേഖലകളുടെ അതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വിദഗ്ദ സമിതിയുടെ നിർദ്ദേശം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനഭൂമി കൈയ്യടക്കി വച്ചിരിക്കുന്നവരിൽ നിന്നും അതേറ്റെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

*15 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ശിശുമരണത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>വിഴിഞ്ഞം മദർപോർട്ടിന്റെ നിർമ്മാണം</u>

*16 ശ്രീ. റ്റി. യൂ. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മദർപോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മദർപോർട്ടുമായി ബന്ധപ്പെട്ട് അനുബന്ധ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം</u>

*17 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് നിലവിലുള്ള സംവിധാനത്തെക്കാൾ എത്രത്തോളം കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുള്ള പേപ്പർ ഫയലിംഗ് സംവിധാനം എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്;

(സി) ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം പൂർണ്ണമായി സെക്രട്ടേറിയറ്റിൽ നടപ്പാക്കുന്നതിന് എന്തു കാലതാമസം വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസികളുടെ ദുരിതം</u>

*18 ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലും ഭക്ഷണവും ചികിത്സയുമില്ലാതെ അട്ടപ്പാടിയിലെ ആദിവാസികൾ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർച്ചയായ ശിശുമരണങ്ങളിലൂടെ അത്യന്തം ഗുരുതരമായ അവസ്ഥയിലായിരിക്കുന്ന അട്ടപ്പാടി ആദിവാസി ഊരുകളിൽ സന്ദർശനം നടത്തിയ വിവിധ ഏജൻസികളുടെ റിപ്പോർട്ടുകൾ വിലയിരുത്തുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ;

(സി) ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിലച്ചുപോയ പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

<u>പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണം</u>

*19 ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരക്കുറവുമൂലം സംസ്ഥാനത്ത് ആദിവാസി ശിശുക്കൾ മരണമടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര ശിശുക്കൾ മരണമടഞ്ഞു;എവിടെയെല്ലാം;

(ബി) ഈ കാലയളവിൽ പോഷകാഹാരക്കുറവുമൂലം എത്ര ആദിവാസി ഗർഭിണികൾ മരണമടഞ്ഞു; ഇതുമൂലം എത്ര ശിശുക്കൾ ഗർഭാവസ്ഥയിൽ തന്നെ മരണപ്പെട്ടു;

(സി) ആദിവാസി ഗർഭിണികൾക്കും കുട്ടികൾക്കും യഥാസമയം പോഷകാഹാരം നൽകാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>എയർകേരള വിമാനപദ്ധതി</u>

*20 ശ്രീ. കെ.വി. വിജയദാസ്
,, കോടിയേരി ബാലകൃഷ്ണൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പ്രഖ്യാപിച്ച എയർകേരള വിമാനപദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരമൊരു പ്രഖ്യാപനം നടത്തുന്നതിന് മുമ്പായി എന്തെല്ലാം കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടായിരുന്നു എന്നറിയിക്കുമോ;

(സി) ഇപ്പോഴത്തെ സ്ഥിതിയിൽ എയർകേരളയുടെ വിമാനം എന്നുമുതൽ സർവ്വീസ് നടത്തുമെന്ന് വ്യക്തമാക്കാമോ;

(ഡി) എയർകേരള വിമാനപദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം സംഗതികളിൽ ഇനിയും തീരുമാനങ്ങൾ ഉണ്ടാകേണ്ടതുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

*21 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ</u>

*22 ശ്രീ. ഇ. കെ. വിജയൻ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞത് മൂലം മത്സ്യബന്ധന മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ചെലവഴിച്ച് മത്സ്യ മേഖലയുടെ സമഗ്ര വികസനത്തിന് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ ;

(സി) ചെലവു കൂടിയ ആഴക്കടൽ മത്സ്യബന്ധനവും ചെറുകിട വളളങ്ങളുടെയും ബോട്ടുകളുടെയും എണ്ണം കുറഞ്ഞതും മത്സ്യ ലഭ്യതയിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ഡി) മത്സ്യങ്ങൾക്ക് വിപണിയിലുണ്ടായിട്ടുളള വിലക്കയറ്റം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## പി.എസ്.സി. റാങ്ക്ലിസ്റ്റുകളുടെ കാലാവധി

*23 ശ്രീ. ബി. സത്യൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക്ലിസ്റ്റുകളുടെ കാലാവധി സംബന്ധിച്ച നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിശ്ചിത സമയത്തിനകം നിയമനം നൽകാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പുതിയ റാങ്ക് ലിസ്റ്റുകൾ യഥാസമയം തയ്യാറാക്കാൻ കഴിയാത്ത സാഹചര്യം പി.എസ്.സി.യിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയെങ്കിലും തുടർന്ന് നിയമനം നടക്കാതെ കാലഹരണപ്പെട്ട പി.എസ്.സി. റാങ്ക് ലിസ്റ്റുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കണ്ടൽവനങ്ങളുടെ സംരക്ഷണം</u>

*24

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ടൽ വനസംരക്ഷണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സ്വകാര്യ കണ്ടൽവനങ്ങൾ സംരക്ഷിക്കുവാൻ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശം നൽകാമോ;

(സി) സ്വകാര്യ കണ്ടൽപ്രദേശങ്ങൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള പദ്ധതികൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി; ആയതുമൂലം എത്ര ഹെക്ടർ കണ്ടൽവനം സർക്കാർ അധീനതയിലായി; വ്യക്തമാക്കുമോ;

(ഡി) കണ്ടൽവനം വച്ചുപിടിപ്പിക്കാൻ അനുയോജ്യമായ പ്രദേശങ്ങൾ ഏതെല്ലാം; ആയത് സംബന്ധിച്ച് വിവരശേഖരണം നടത്തുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>നാറാത്ത് സംഭവം</u>

*25 ശ്രീ. ഇ. പി. ജയരാജൻ
,, റ്റി. വി. രാജേഷ്
,, എളമരം കരീം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുധപരിശീലനം നൽകിവരുന്നതിനിടയിൽ കണ്ണൂരിലെ നാറാത്തു നിന്നും പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ അറസ്റ്റു ചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നാറാത്തെ പരിശീലന ക്യാമ്പിൽ നിന്ന് അറസ്റ്റുചെയ്യപ്പെട്ടവരെത്ര; ആയുധങ്ങൾ ഉൾപ്പെടെ പരിശീലന കേന്ദ്രത്തിൽ നിന്ന് എന്തെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) അറസ്റ്റു ചെയ്യപ്പെട്ടവരിൽ തീവ്രവാദ ബന്ധം ഉള്ളവരുണ്ടായിരുന്നുവോ;

(ഡി) പോലീസ് അന്വേഷണത്തിൽ ഇതിനകം എന്തെല്ലാം വസ്തുതകൾ കണ്ടെത്തുകയുണ്ടായിട്ടുണ്ടെന്നും സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

<u>ജനസമ്പർക്ക പരിപാടി വരുംവർഷങ്ങളിൽ നടത്തുന്നത്</u>

*26 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വരുന്ന മൂന്നു വർഷവും നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>കേന്ദ്രസർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾക്ക് പി.എസ്.സി യുടെ അംഗീകാരം</u>

*27 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേ്വജ് യൂണിവേഴ്സിറ്റി ഉൾപ്പെടെ കേന്ദ്രസർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ഇതര സർട്ടിഫിക്കറ്റുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൊഴിൽ യോഗ്യതകളായി അംഗീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലും കേരളത്തിൽ തന്നെയും വിവിധ കോഴ്സുകൾ പഠിച്ച് യോഗ്യതാസർട്ടിഫിക്കറ്റുകൾ നേടുന്ന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ പി.എസ്.സി. യുടെ ഈ നിലപാടു കാരണം ഉണ്ടായിട്ടുള്ള വിഷമതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കടലിൽ മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊന്ന കേസ്</u>

*28 ശ്രീ. എം. എ. ബേബി
'' പി. കെ. ഗുരുദാസൻ
'' ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ച് കൊന്ന കേസ് അന്വേഷണം എൻ.ഐ.എ.യ്ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇറ്റാലിയൻ സൈനികർക്ക് വധശിക്ഷ നൽകില്ലെന്ന് ഇറ്റാലിയൻ സർക്കാരിന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ഇറ്റലിയുടെ വാദത്തെ സുപ്രീംകോടതിയിൽ ഇന്ത്യാ ഗവൺമെന്റ് എതിർക്കാതിരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(സി) കേരള പോലീസ് തയ്യാറാക്കിയ എഫ്.ഐ.ആർ. തന്നെയാണോ എൻ.ഐ.എ.യ്ക്കും കൈമാറിയിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനവും മുൻകരുതലുകളും</u>

*29 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, എം.പി. അബ്ദുസ്സമദ് സമദാനി
,, പി.കെ.ബഷീർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും അതുമൂലം ജനജീവിതത്തിലും, കാർഷികമേഖലയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെയും കുറിച്ച് പഠനം നടത്തുന്നതിന് സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെ സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) ഈ പഠനങ്ങൾ ഏതൊക്കെ വകുപ്പുകളാണ് വിശകലനം ചെയ്യുന്നതെന്നും, അവയുടെ പ്രവർത്തനങ്ങൾക്ക് ഈ പഠനം എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ</u>

*30 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോടിയേരി ബാലകൃഷ്ണൻ
,, സി. കെ. സദാശിവൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസന ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നുണ്ടോ; എങ്കിൽ അതിന്റെ മുഖ്യ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളെ വിലയിരുത്തുന്നതിലും ഹോംവർക്ക് നടത്തുന്നതിലും അവ നേടിയെടുക്കുന്നതിലും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിലും, സമർപ്പിച്ച നിവേദനങ്ങളിന്മേലും, പദ്ധതികളിന്മേലും ഫോളോ അപ് ആക്ഷൻ നടത്തുന്നതിലും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 1.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്:**</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].